**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 825** **06-12-2022 - ൽ മറുപടിയ്ക്ക്**

**മുദ്രപത്രങ്ങൾ തിരികെ നൽകുന്നതിനുള്ള നടപടിക്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സജി ചെറിയാൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | വസ്തുവിന്റെ വിലയാധാരം നടത്തുന്നതിലേക്കാവശ്യമായ മുദ്രപത്രം രജിസ്ട്രേഷൻ നടക്കാതെ വന്നാൽ തിരികെ ട്രഷറിയിൽ ഏൽപ്പിച്ച് തുക തിരികെ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ; ഇതിന് സമയപരിധി നിഷ്കർഷിച്ചിട്ടുണ്ടോ; | (എ) | **വസ്തുവിന്റെ വിലയാധാരം നടത്തുന്നതിലേക്കാവശ്യമായ മുദ്രപ്പത്രം രജിസ്ട്രേഷൻ നടക്കാതെ വന്നാൽ 1959 -ലെ കേരള സ്റ്റാമ്പ് ആക്ട് വകുപ്പ് 47, 50, 51, 52 അനുസരിച്ച്** റവന്യൂ അധികാരിയാണ് റീഫണ്ട് അനുവദിക്കുന്നത്.<br><br>(1) ഒരു ലക്ഷം രൂപ വരെയുള്ള രജിസ്ട്രബിൾ ഡോക്യുമെന്റുകൾക്കുള്ള മുദ്രപ്പത്രങ്ങൾ രജിസ്ട്രേഷൻ നടക്കാതെ വന്നാൽ റീഫണ്ടിനായി മുദ്രപ്പത്രം വാങ്ങിയ തീയതി മുതൽ ആറു മാസത്തിനുള്ളിൽ മുദ്രപ്പത്രങ്ങൾ സഹിതം ബന്ധപ്പെട്ട തഹസിൽദാർക്ക് അപേക്ഷ നൽകേണ്ടതാണ്. മുദ്രപ്പത്രങ്ങൾ വെരിഫിക്കേഷൻ നടത്തുന്നതിനായി ബന്ധപ്പെട്ട ട്രഷറിയിൽ നൽകേണ്ടതും ട്രഷറിയിൽ നിന്നും വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം തഹസിൽദാർ മുദ്രപ്പത്രത്തിന്റെ മുഖവിലയ്ക്ക് ഓരോ രൂപയ്ക്കും ആറു പൈസ എന്ന നിരക്കിൽ കിഴിവ് ചെയ്ത് 0030-02-102-10 എന്ന ശീർഷകത്തിൽ നിന്നും റീഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഇത് സംബന്ധിച്ച നടപടിക്രമവും അപേക്ഷയും അടക്കം ട്രഷറിയിൽ സമർപ്പിക്കേണ്ടതുമാണ്. **തുടർന്ന് ട്രഷറിയിൽ നിന്നും റിഫണ്ട് തുക BIMS-ൽ ചേർത്തതിനുശേഷം തഹസിൽദാർ റീഫണ്ട് ബില്ല് തയ്യാറാക്കി ട്രഷറിയിൽ നൽകി അപേക്ഷകന്റെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്യുന്നത്.** |

| | | | |
|---|---|---|---|
| | | | **(2) ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന രജിസ്ട്രേഷനുകൾക്ക് G.O.(P) No. 23/2017/TD തിയതി 07/04/2017 പ്രകാരം ഇ-സ്റ്റാമ്പിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന രജിസ്ട്രബിൾ ഡോക്യുമെന്റുകൾക്കുള്ള ഇ-സ്റ്റാമ്പ് രജിസ്ട്രേഷൻ നടക്കാതെ വന്നാൽ റീഫണ്ടിനായി ഇ-സ്റ്റാമ്പ് ജനറേറ്റ് ചെയ്ത തീയതി മുതൽ ആറുമാസത്തിനുള്ളിൽ ഇ-സ്റ്റാമ്പ് പ്രൂഫ് ഉൾപ്പെടെ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്. റവന്യൂ ഡിവിഷണൽ ഓഫീസർ ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും കൺഫർമേഷൻ സർട്ടിഫിക്കറ്റ് വാങ്ങിയതിനുശേഷം 0030-02-102-10 എന്ന റീഫണ്ട് ശീർഷകത്തിൽ നിന്നും റീഫണ്ട് അനുവദിച്ചുത്തരവാകുകയും നടപടിക്രമവും അപേക്ഷയും അടക്കം BIMS-ൽ ചേർക്കുന്നതിന് ട്രഷറിയിൽ നൽകുകയും ചെയ്യും. ട്രഷറിയിൽ നിന്നും റീഫണ്ട് തുക BIMS-ൽ ചേർത്തതിനുശേഷം, റവന്യൂ ഡിവിഷണൽ ഓഫീസർ റീഫണ്ട് ബില്ല് തയ്യാറാക്കി ട്രഷറിയിൽ നൽകി അപേക്ഷകന്റെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്.**<br><br>മുദ്രപ്പത്രം/ഇ-സ്റ്റാമ്പ് റിഫണ്ട് ചെയ്യുന്നതിന് മുദ്രപ്പത്രം വാങ്ങിയ/ ഇ-സ്റ്റാമ്പ് ജനറേറ്റ് ചെയ്ത തീയതി മുതൽ ആറുമാസത്തിനുള്ളിൽ റീഫണ്ട് അപേക്ഷ ബന്ധപ്പെട്ട റവന്യൂ അധികാരിക്ക് സമർപ്പിക്കേണ്ടതാണ്.<br><br>എന്നാൽ മുദ്രപ്പത്രത്തിൽ എഴുതിപിടിച്ച കരണത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരം പ്രവർത്തിക്കാതിരുന്നാലോ അല്ലെങ്കിൽ ഉറപ്പിച്ച വല്ല തുകയും കൊടുക്കാൻ വിസമ്മതിച്ചതിനാലോ ഉദ്ദേശിച്ച ആവശ്യം നിറവേറ്റാൻ കഴിയാതെ വരിക നിമിത്തമുള്ള മുദ്രപ്പത്രങ്ങളുടെ സംഗതിയിൽ കരണത്തിലെ തീയതിയിൽ നിന്നും രണ്ട് മാസങ്ങൾക്കുള്ളിൽ റീഫണ്ട് അപേക്ഷ ബന്ധപ്പെട്ട റവന്യൂ അധികാരിക്ക് സമർപ്പിക്കേണ്ടതാണ്. |
| (ബി) | സമയബന്ധിതമായി ഈ നടപടി ക്രമങ്ങൾ പൂർത്തീകരിക്കാൻ കഴിയാതെ വന്നാൽ തുക നഷ്ടപ്പെടുന്ന സാഹചര്യം നിലവിൽ ഉണ്ടോ; | (ബി) | സമയബന്ധിതമായി ഈ നടപടി ക്രമങ്ങൾ പൂർത്തീകരിക്കാൻ കഴിയാതെ വന്നാൽ തുക നഷ്ടപ്പെടുന്ന സാഹചര്യം നിലവിലില്ല എന്ന് കാണുന്നു. എങ്കിലും സമയപരിധി പാലിക്കപ്പെടാതെ പോയത് |

| | | | |
|---|---|---|---|
| | | | അപേക്ഷകന്റെ മനഃപൂർവ്വമായ വീഴ്ചമൂലമല്ലെന്നും, തന്റെ നിയന്ത്രണങ്ങൾക്ക് വിധേയമല്ലാത്ത സുവ്യക്തമായ കാരണങ്ങൾ മൂലമാണെന്ന് സർക്കാറിന് ഉത്തമബോദ്ധ്യമാകുന്ന പക്ഷം നിയമാനുസരണമുള്ള കാലാവധി കഴിഞ്ഞു സമർപ്പിക്കപ്പെടുന്ന മുദ്രപ്പത്ര റീഫണ്ടിനുള്ള അപേക്ഷകളിന്മേൽ കേരള മുദ്രപത്ര നിയമത്തിലെ 54(1) വകുപ്പിലെ നിയന്ത്രണാധികാരം വിനിയോഗിച്ച് സർക്കാരിന് തീരുമാനം എടുക്കാവുന്നതാണ്. അപ്രകാരം മുദ്രപത്ര റീഫണ്ട് അനുവദിക്കുകയാണെങ്കിൽ കേരള മുദ്രപത്ര നിയമം വകുപ്പ് 52ലെ വ്യവസ്ഥാനുസരണം നിയമാനുസൃതം ഈടാക്കേണ്ട 6 ശതമാനം കിഴിവ് ഈടാക്കുന്നതാണ്. |
| (സി) | മാനുഷിക പരിഗണനാർഹമായ കാരണങ്ങളാൽ നിശ്ചിത സമയത്തിനകം മുദ്രപത്രങ്ങൾ തിരികെ നൽകാൻ കഴിയാത്തവർക്ക് തുക തിരികെ ലഭിക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോ? | (സി) | സമയബന്ധിതമായി ഈ നടപടി ക്രമങ്ങൾ പൂർത്തീകരിക്കാൻ കഴിയാതെ വന്നാൽ തുക നഷ്ടപ്പെടുന്ന സാഹചര്യം നിലവിലില്ല എന്ന് കാണുന്നു. എങ്കിലും സമയപരിധി പാലിക്കപ്പെടാതെ പോയത് അപേക്ഷകന്റെ മനഃപൂർവ്വമായ വീഴ്ചമൂലമല്ലെന്നും, തന്റെ നിയന്ത്രണങ്ങൾക്ക് വിധേയമല്ലാത്ത സുവ്യക്തമായ കാരണങ്ങൾ മൂലമാണെന്ന് സർക്കാറിന് ഉത്തമബോദ്ധ്യമാകുന്ന പക്ഷം നിയമാനുസരണമുള്ള കാലാവധി കഴിഞ്ഞു സമർപ്പിക്കപ്പെടുന്ന മുദ്രപ്പത്ര റീഫണ്ടിനുള്ള അപേക്ഷകളിന്മേൽ കേരള മുദ്രപത്ര നിയമത്തിലെ 54(1) വകുപ്പിലെ നിയന്ത്രണാധികാരം വിനിയോഗിച്ച് സർക്കാരിന് തീരുമാനം എടുക്കാവുന്നതാണ്. അപ്രകാരം മുദ്രപത്ര റീഫണ്ട് അനുവദിക്കുകയാണെങ്കിൽ കേരള മുദ്രപത്ര നിയമം വകുപ്പ് 52ലെ വ്യവസ്ഥാനുസരണം നിയമാനുസൃതം ഈടാക്കേണ്ട 6 ശതമാനം കിഴിവ് ഈടാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ